## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2249 — 09.03.2018-ൽ മറുപടിയ്ക്ക്

### പറമ്പിക്കുളം സുങ്കം

ചോദ്യം
ശ്രീ.കെ. ബാബു

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പറമ്പിക്കുളം സുങ്കം കോളനിയിലെ സർക്കാർ ട്രൈബൽ എൽ.പി.സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | പറമ്പിക്കുളം സുങ്കം കോളനിയിലെ സർക്കാർ ട്രൈബൽ എൽ.പി.സ്കൂളിന്റെ പ്രവർത്തനം പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. സ്കൂളിന്റെ പ്രവർത്തനം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിലയിരുത്തിയിട്ടില്ല. |
| ബി) | പ്രസ്തുത സ്കൂളിൽ നാലാംതരം കഴിഞ്ഞാൽ മറ്റ പ്രദേശങ്ങളിൽ പോയി പഠിക്കേണ്ടത് കാരണം പല കുട്ടികളുടെയും പഠനം നിന്ന് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പറമ്പിക്കുളം മേഖലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ നാലാംതരം കഴിഞ്ഞ് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പട്ടഞ്ചേരി, മുതലമട ഹോസ്റ്റലുകളിലും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രവേശനം നൽകി തുടർ പഠനം ഉറപ്പ് വരുത്തുന്നുണ്ട്. |
| സി) | ഇതിന് പരിഹാരം കാണുന്നതിനായി ടി സ്കൂളിനെ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ